**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6224 — 02.04.2018 -ൽ മറുപടിക്ക്

# സുസ്ഥിര ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. റോജി. എം. ജോൺ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സുസ്ഥിര ടൂറിസം വികസനത്തിന് എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) സുസ്ഥിര ടൂറിസം വികസനത്തിലൂടെ നാടിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ പങ്ക് കണക്കിലെടുത്ത് സംസ്ഥാനത്താകമാനം ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഗ്രാമീണ മേഖലയിലടക്കമുള്ള തദ്ദേശീയ ജനതയുടെ പങ്കാളിത്തം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പിന്റെ ചുമതലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. ഭിന്നശേഷി സൗഹൃദമായി ടൂറിസം കേന്ദ്രങ്ങളെ മാറ്റുക, ഹോംസ്റ്റേ, ഫാംസ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ചു |

സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്.

| | | | |
|---|---|---|---|
| ബി) | മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ